12
ശനി
2018 മെയ്
1193 മേടം 29

# മക്തബ്

www.makthabdaily.com

തളിപ്പറമ്പ | പുസ്തകം 11 ലക്കം 169 | makthabdaily@gmail.com | RNI Reg.No.KER MAL/2007/22043 | Reg.No.KL/KNR/15/2018-20 | Ph: 0460- 2208010 | പേജ് 4 വില: 4.00 രൂപ



റെഡിമെയ്ഡ്
കട്ടിള, ജനൽ, ഡോർ
കട്ടിള 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
സോന വുഡ്
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013


# മുൻ ഡി.വൈ.എസ്.പി രാധാകൃഷ്ണന്റെ വെളിപ്പെടുത്തൽ: ആ രാത്രിയിൽ കൂവോട്ടെ വാടകവീട്ടിൽ നടന്നതെന്ത്?

തളിപ്പറമ്പ: തളിപ്പറമ്പിൽ വച്ച് തന്നെ വധിക്കാൻ ശ്രമിച്ചെന്ന ആരോപണവുമായി ഫസൽ വധക്കേസ് അന്വേഷിച്ച മുൻ ഡി.വൈ.എസ്.പി രാധാകൃഷ്ണൻ രംഗത്തുവന്നത് ഐ.പി.എസ് പദവിയിൽ നിയമനം ഉറപ്പിക്കാനുള്ള തന്ത്രമെന്ന് സൂചന. സി.പി.എം തന്നെ കള്ളക്കേസിൽപ്പെടുത്തി ഒതുക്കിയെന്നാണ് ഇന്നലെ രാധാകൃഷ്ണൻ വെളിപ്പെടുത്തിയത്. യഥാർത്ഥത്തിൽ അദ്ദേഹം പറയുന്ന ദിവസം സംഭവിച്ചതെന്താണ്. 2006 ഡിസംബർ 14ന് രാത്രിയാണ് ഇപ്പോൾ വീണ്ടും വിവാദമായ തളിപ്പറമ്പ് സംഭവം അരങ്ങേറുന്നത്. ദേശീയ ട്രേഡ് യൂണിയൻ പ്രഖ്യാപിച്ച അഖിലേന്ത്യാ ബന്ദ് നടക്കുന്ന ദിവസമാണന്ന്. തളിപ്പറമ്പ് ഡി.വൈ.എസ്.പിയുടെ ചുമതല ഡി.സി.ആർ.ബി ഡി.വൈ.എസ്.പി ആയിരുന്ന കെ.രാധാകൃഷ്ണനായിരുന്നു. രാവിലെ അദ്ദേഹം തളിപ്പറമ്പിലെത്തി. ഉച്ചക്ക് ഭക്ഷണം കഴിക്കാൻ കൂവോട് കരിപ്പറമ്പിലെ ഒരു വീട്ടിലെത്തി. അടുത്ത ദിവസം പോലീസ് പൂട്ടിച്ച ചിറവക്കിലെ സിഗ്ടെക് ഫൈനാൻസ് കമ്പിനി ഉടമ വാടകക്കെടുത്തതായിരുന്നു ഈ വീട്. ഇവിടെ പെൺവാണിഭം നടക്കുന്നതായി നാട്ടുകാർക്ക് സംശയം ഉണ്ടായിരുന്നു. ബാങ്ക് ജീവനക്കാരൻ പത്മനാഭൻ വാടകക്ക് കൊടുത്ത വീട് നാട്ടുകാർ നിരീക്ഷണത്തിലാക്കി. വൈകിട്ട് പോലീസ് വണ്ടിയിൽ ഡി.വൈ.എസ്.പി അവിടെ എത്തി. കുറെ കഴിഞ്ഞപ്പോൾ ഒരു പെണ്ണിന്റെ നിലവിളിയാണ് നാട്ടുകാർ കേൾക്കുന്നത്. അയൽവാസികളായ ടി.രാജേന്ദ്രൻ, കെ.മോഹനൻ എന്നിവർ ചെന്നു നോക്കുമ്പോൾ ഡി.വൈ.എസ്.പി ഉൾപ്പെടെയുള്ളവർ ഒരു സ്ത്രീയെ പീഡിപ്പിക്കുന്നതാണ് കണ്ടത്. ഇവർ നാട്ടുകാരെ വിവരം അറിയിച്ചു. വാതിൽ ചവിട്ടി തുറന്ന് നാട്ടുകാരാണ് യുവതിയെ ഡി.വൈ.എസ്.പിയുടെ പീഡന ശ്രമത്തിൽ നിന്ന് രക്ഷിച്ചത്. നാട്ടുകാർ ഇയാളെയും കമ്പനി ഉടമ കോട്ടയം സ്വദേശി കുളങ്ങര നിരവികുന്ന് രാജേഷ് (24), കോട്ടയം കാരാപ്പുഴ കൊച്ചാലിൽ ടി.എൻ.വിജയൻ (34), കോട്ടയം മണ്ണാർക്കാട് സ്വദേശിനി അമ്മിണി (40) എന്നിവരെ കയ്യോടെ പോലീസെത്തി അറസ്റ്റ് ചെയ്തു. കെ.എൽ 01 എക്സ് 9049 പോലീസ് ജീപ്പിലാണ് ഡി.വൈ.എസ്.പി ഈ വീട്ടിലെത്തിയത്. അന്നത്തെ ജില്ല പോലീസ് ചീഫ് മാത്യു പോളികാർപ്പ്, കണ്ണൂർ ഡി.വൈ.എസ്.പി പി.ഹബീബ്റഹ്മാൻ, സി.ഐ കെ.വി.സന്തോഷ്, ശ്രീകണ്ഠപുരം





*1) കൂവോട്ടെ വീട്ടിൽ നിന്നും പിടികൂടിയ ഡി.വൈ.എസ്.പിയെ പുറത്തേക്ക് കൊണ്ടുവരുന്നു. 2) വീട്ടിനകത്ത് മദ്യപിച്ച് ലക്ക് കെട്ട് കിടക്കുന്ന ഡി.വൈ.എസ്.പിക്ക് സമീപം അന്നത്തെ ജില്ലാ പോലീസ് ചീഫ് മാത്യു പോളികാർപ്പ്. 3) കസ്റ്റഡിയിലായ യുവതിയെ പുറത്ത് കൊണ്ടുവരുന്നു. സംഭവസമയം മക്തബ് ഫോട്ടോഗ്രാഫർ കെ.രഞ്ജിത്ത് പകർത്തിയ ചിത്രങ്ങൾ*

സി.ഐ രാജു, തളിപ്പറമ്പ എസ്.ഐ കെ.ഇ.പ്രേമചന്ദ്രൻ എന്നിവരാണ് പെൺവാണിഭ സംഘത്തെ പിടികൂടിയത്. ഇതിന്റെ മുഴുവൻ ചിത്രങ്ങളുമടങ്ങിയ വാർത്ത 2006 ഡിസംബർ 15ന്റെ മക്തബ് പ്രസിദ്ധീകരിച്ചിരുന്നു. അന്ന് നിയമം കർശനമില്ലാത്തതിനാൽ പെൺവാണിഭ കേന്ദ്രത്തിൽ നിന്ന് പിടികൂടിയ അമ്മിണിയുടെ ചിത്രവും പ്രസിദ്ധീകരിച്ചിരുന്നു. നാല് മാസങ്ങൾക്ക് ശേഷം ഫൈനാൻസ് ഉടമ രാജേഷ് ഹൃദയസ്തംഭനം മൂലം മരിച്ചു. ഇയാളുടെ ഭാര്യ വൃന്ദയും സഹോദരൻ രാജീവും കോടികൾ തട്ടിയെടുത്ത കേസിൽ ജയിലിൽ കിടന്നിരുന്നു. തളിപ്പറമ്പ പോലീസ് അന്വേഷിക്കുന്ന കേസിൽ പ്രതികളായ ഇവർ ഒളിവിൽ കഴിയുകയാണ്.

പിന്നീട് ഡി.വൈ.എസ്.പി ഹൈക്കോടതിയെ സമീപിച്ച് കേസ് റദ്ദാക്കി സർവീസിൽ തിരികെ വന്നു. ഉമ്മൻചാണ്ടി സർക്കാർ അധികാരത്തിൽ വന്നപ്പോൾ ലഹരി മാഫിയയുമായുള്ള ബന്ധത്തെ തുടർന്ന് ഇയാളെ വീണ്ടും സസ്പെന്റ് ചെയ്തിരുന്നു. സർവീസിൽ നിന്ന് ഇവർ പിരിയുകയും ചെയ്തു. ഇപ്പോൾ ഐ.പി.എസ് ലഭിക്കുന്നതിനായാണ് ഈ വിവാദം പൊക്കി പിടിക്കുന്നതെന്നാണ് ആരോപണം.

# വീടാക്രമിച്ച ദിവസം നേതാക്കൾ യോഗം ചേർന്നു

## ശ്രീജിത്തിനെ സി.പി.എം കുടുക്കിയതാണെന്ന് മാതാവ്

കൊച്ചി: വരാപ്പുഴയിൽ പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെട്ട ശ്രീജിത്തിനെ കള്ളക്കേസിൽ കുടുക്കിയത് സി.പി.എം നേതാക്കളാണെന്ന് ശ്രീജിത്തിന്റെ മാതാവ് ശ്യാമള ആരോപിച്ചു. വാസുദേവന്റെ വീടാക്രമിച്ച ദിവസം രാത്രി സി.പി.എം പ്രാദേശിക നേതാവായ പ്രിയ ഭരതന്റെ വീട്ടിൽ യോഗം ചേർന്ന സി.പി.എം നേതാക്കളാണ് വീടാക്രമണക്കേസിലെ പ്രതിപ്പട്ടിക തയ്യാറാക്കിയത്. ഈ പട്ടിക നോക്കിയാണ് നിരപരാധിയായ ശ്രീജിത്തിനെ പോലീസ് കസ്റ്റഡിയിലെടുത്ത് മർദിച്ചുകൊന്നത് എന്നാണ് അമ്മയുടെ വെളിപ്പെടുത്തൽ. മുൻ പഞ്ചായത്തംഗമായ പ്രിയഭരതന്റെ വീട്ടിൽ ഏരിയാ കമ്മിറ്റിയംഗവും ലോക്കൽ സെക്രട്ടറിയുമുൾപ്പെടെ പങ്കെടുത്തിരുന്നുവെന്ന് പ്രിയ ഭരതൻ സമ്മതിച്ചതോടെ ശ്യാമളയുടെ ആരോപണത്തിൽ വസ്തുതയുണ്ടെന്ന കാര്യം ബോധ്യമായി. തനിക്കെതിരേ ഉന്നയിച്ച കാര്യങ്ങൾ ശരിയല്ലെന്ന് പ്രിയ ഭരതൻ പറയുമ്പോഴും യോഗം ചേർന്ന് തീരുമാനങ്ങളെടുത്തിരുന്നുവെന്ന് അവർ സമ്മതിച്ചിരിക്കുകയാണ്. വീടാക്രമണത്തിൽ പ്രതിഷേധിച്ച് ഹർത്താൽ പ്രഖ്യാപിക്കുന്നതിന് ആലോചിക്കാനാണ് യോഗമെന്നാണ് പ്രിയയെ അറിയിച്ചിരുന്നത്. എന്നാൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുണ്ടാവുകയെന്ന് പ്രിയ അറിഞ്ഞിട്ടില്ലത്രെ. ശ്യാമളയുടെ ആരോപണം സി.പി.എമ്മിനെ പ്രതിരോധത്തിലാക്കിയിരിക്കുകയാണ്. കൊല്ലപ്പെട്ട ശ്രീജിത്തിന്റെ വീട് മുഖ്യമന്ത്രി സന്ദർശിക്കാത്തത് വിവാദമായിരുന്നു. അതേ സമയം സി.പി.എം പ്രാദേശിക നേതൃത്വത്തിന്റെ അറിവോടെയാണ് ശ്രീജിത്തിന്റെ കസ്റ്റഡിയും മരണവുമെന്ന് അമ്മ വെളിപ്പെടുത്തിയതിനെതിരേ പാർട്ടി ഏരിയാ കമ്മിറ്റിയംഗം വി.പി.ഡെന്നി രംഗത്തു വന്നിട്ടുണ്ട്. ഹർത്താൽ തീരുമാനിക്കാൻ മാത്രമായിരുന്നു യോഗമെന്ന് ഡെന്നി പറയുന്നു.

## മാഹിയിലെ കൊലപാതകം ഒറ്റപ്പെട്ടതെന്ന് മന്ത്രി എ.സി.മൊയ്തീൻ

ചെങ്ങന്നൂർ: മാഹിയിലെ കൊലപാതകങ്ങൾ ഒറ്റപ്പെട്ട സംഭവമാണെന്നും മന്ത്രി എ.കെ.ബാലൻ പറഞ്ഞത് പ്രതിരോധത്തിന്റെ കാര്യമാണെന്നും മന്ത്രി എ.സി.മൊയ്തീൻ അഭിപ്രായപ്പെട്ടു. കേരളത്തിൽ ഉത്തരേന്ത്യയിലേതു പോലുള്ള ലഹളകളൊന്നുമില്ല. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അത്തരമൊരു ലഹളയും ഇതേ വരെ ഉണ്ടായിട്ടില്ല. ഒറ്റപ്പെട്ട എന്തെങ്കിലും സംഭവമുണ്ടായാൽ മുഖം നോക്കാതെ കർശന നടപടി സർക്കാർ സ്വീകരിക്കും. അക്രമിക്കാൻ വന്നാൽ കയ്യുംകെട്ടി നോക്കിയിരിക്കുന്നത് ശരിയല്ലെന്ന അഭിപ്രായമായിരിക്കാം പ്രതിരോധത്തിന്റെ കാര്യത്തിൽ മന്ത്രി എ.കെ.ബാലൻ ഉദ്ദേശിച്ചിട്ടുണ്ടാകുക. പക പോക്കൽ സമീപനം സി.പി.എമ്മിനില്ലെന്നും എ.സി.മൊയ്തീൻ പറഞ്ഞു.

## നടപ്പാക്കുന്നത് കാട്ടുനീതി: ഹസൻ

കണ്ണൂർ: സി.പി.എമ്മും ആർ.എസ്.എസും കണ്ണൂരിൽ നടപ്പാക്കുന്നത് കാട്ടുനീതിയാണെന്ന് കെ.പി.സി.സി പ്രസിഡന്റ് എം.എം. ഹസൻ ആരോപിച്ചു. ജനങ്ങളുടെ സമാധാനം തകർക്കുകയാണവർ. ക്രമിനലുകളെ വളർത്തുന്ന മുഖ്യമന്ത്രിക്ക് ചേർന്ന നിയമമന്ത്രിയാണ് എ.കെ. ബാലൻ. പകവീട്ടുന്നതിനെ ന്യായീകരിക്കുന്ന മന്ത്രി ബാലൻ കോടിയേരി ബാലകൃഷ്ണന്റെ പഴയ വെല്ലുവിളി ഏറ്റുപിടിക്കുകയാണ്.പാടത്ത് ജോലിക്ക് വരമ്പത്ത് കൂലിയാണ് കോടിയേരിയുടെ പ്രഖ്യാപനം.

## ചൂതാട്ടം: 4 പേർ അറസ്റ്റിൽ

ശ്രീകണ്ഠപുരം: നിടിയേങ്ങ ഗവ. യു.പി.സ്കൂൾ പരിസരത്തെ റബർ തോട്ടത്തിൽ പണം വെച്ച് ചൂതാട്ടത്തിലേർപ്പെട്ട നാല് പേരെ എസ്.ഐ: ഇ. നാരായണൻ അറസ്റ്റ് ചെയ്തു. കൊട്ടൂർ വയലിലെ പുതിയപുരയിൽ മനോജ്(48), നിടിയേങ്ങ സ്വദേശികളായ ചാത്തോത്ത് രവീന്ദ്രൻ(53), കുഞ്ഞിക്കുടുമ്പൻ വിശ്വനാഥൻ(44), പാലങ്ങാടൻ ഗോവിന്ദൻ (66) എന്നിവരാണ് അറസ്റ്റിലായത്. 4300 രൂപ പിടിച്ചെടുക്കുകയും ചെയ്തു.

## ചിറ്റാരിയിൽ വാറ്റു കേന്ദ്രം തകർത്തു; 215 ലിറ്റർ വാഷ് പിടികൂടി

ശ്രീകണ്ഠപുരം: കാഞ്ഞിരക്കൊല്ലി ചിറ്റാരിയിൽ വ്യാജചാരായ വാറ്റ് കേന്ദ്രത്തിൽ എക്സൈസിന്റെ പരിശോധന. വാറ്റ് കേന്ദ്രം അടിച്ചു തകർത്തു. 215 ലിറ്റർ വാഷും മറ്റ് ഉപകരണങ്ങളും പിടിച്ചെടുത്തു.

കണ്ണൂർ ഐ.ബി ഓഫീസിൽ നിന്നും ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിലാണ് ശ്രീകണ്ഠപുരം റേഞ്ച് അസി.എക്സൈസ് ഇൻസ്പെക്ടർ ടി.രഘുനാഥിന്റെ നേതൃത്വത്തിൽ വേഷം മാറിയെത്തി പരിശോധന നടത്തിയത്. വാറ്റു സംഘം ഓടി രക്ഷപ്പെട്ടു. പ്രിവന്റീവ് ഓഫീസർമാരായ പി.ആർ.സജീവ്, ജോർജ് ഫെർണാണ്ടസ്, സി.ഇ.ഒ മാരായ പി.വി.പ്രകാശൻ, പി.ഷിബു, എം.വി.പ്രദീപൻ, കെ.രത്നാകരൻ, വി.അബ്ദുൾ ലത്തീഫ്, ഡ്രൈവർ കേശവൻ എന്നിവരും പരിശോധനാ സംഘത്തിലുണ്ടായിരുന്നു.

## ചെങ്ങന്നൂരിൽ ബി.ജെ.പി വില കൊടുത്ത് വോട്ട് വാങ്ങുന്നു: എം.വി.ഗോവിന്ദൻ മാസ്റ്റർ

ചെങ്ങന്നൂർ: ഉപതിരഞ്ഞെടുപ്പിൽ വോട്ടിന് വേണ്ടി കോടികളാണ് ബി.ജെ.പി ചിലവഴിക്കുന്നതെന്ന് തിരഞ്ഞെടുപ്പിന്റെ പാർട്ടി ചുമതല കൂടി വഹിക്കുന്ന സി.പി.എം കേന്ദ്ര കമ്മിറ്റിയംഗം എം.വി.ഗോവിന്ദൻ മാസ്റ്റർ ആരോപിച്ചു. ഒരു ലക്ഷം രൂപ വരെ ചില വീടുകളിലെത്തിച്ചതായി വിവരം ലഭിച്ചിട്ടുണ്ട്. ഇതേ കുറിച്ച് അന്വേഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. ആർ.എസ്.എസ് ആയുധം താഴെവെക്കാതെ കണ്ണൂരിൽ സമാധാനമുണ്ടാകില്ലെന്നും അദ്ദേഹം പറഞ്ഞു.


Bright for Better Future
ബ്രൈറ്റ് കോളേജ്
ഹൈവേ പള്ളിക്ക് എതിർവശം, ന്യൂ ബസാർ, തളിപ്പറമ്പ
Ph: 9446 262 698, 9400 446813, 8301962329
കോഴ്സുകൾ B.Com, BA, +1,+2
പ്രീ പ്രൈമറി & മോണ്ടിസോറി ടീച്ചേഴ്സ് ട്രെയിനിംഗ്
ഗവ. അംഗീകൃതം
TUITION FOR ALL CLASSES
14 തികഞ്ഞ ആർക്കും SSLC
(5 വിഷയങ്ങൾ മാത്രം)
6 മാസം കൊണ്ട് +2
(മലയാളത്തിലും എഴുതാം)
അഡ്മിഷൻ തുടരുന്നു
ഈ വർഷം പ്ലസ്ടു തോറ്റവർക്ക് 3 വിഷയങ്ങൾ മാത്രം പഠിച്ച് +2 പാസ്സാകാം

വന്ധ്യത ചികിത്സാ പദ്ധതി തളിപ്പറമ്പിലും
Lourde Life Centre for Fertility & Endoscopy
ഡോ. പ്രതീഷ് രാജേന്ദ്രൻ
MBBS, MS (Gynec) FRM (Fellowship in Infertility & IVF)
പരിശോധനയ്ക്ക് വിധേയനാകേണ്ടവർ
സ്ത്രീ പുരുഷ വന്ധ്യത നിർണ്ണയം
ചികിത്സാ സൗകര്യങ്ങൾ (പ്രത്യേക സൗജന്യ പാക്കേജ്)
പ്രത്യേകതകൾ
ബുക്കിംഗിന്: 9497848975 / 04602301160
ലൂർദ് ഹോസ്പിറ്റൽ തളിപ്പറമ്പ
Tel: 0460 2200160 - 164 (5 lines), E-mail: lourdehospital@gmail.com